<u>പതിനാലാം കേരള നിയമസഭ</u>

<u>രണ്ടാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5545</u> 02/<u>11/2016-ൽ മറുപടിക്ക്</u>

**<u>വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾ വൈദ്യുതി മീറ്റർ വാങ്ങി നൽകണമെന്ന തീരുമാനം</u>**

| | <u>ചോദ്യം</u><br><br>**ശ്രീ.പി.വി. അൻവർ** | | <u>ഉത്തരം</u><br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾ വൈദ്യുതി മീറ്റർ പുറത്ത് നിന്ന് വാങ്ങി നൽകണമെന്ന മുൻസർക്കാരിന്റെ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉപഭോക്താവിന് അംഗീകൃത ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് ക്ഷമത ഉറപ്പ് വരുത്തിയ മീറ്റർ ഉപയോഗിക്കാനോ അല്ലെങ്കിൽ ബോർഡ്/ വിതരണ ലൈസൻസി യോട് മീറ്റർ നൽകാൻ ആവശ്യ പ്പെടാനോ ഉള്ള അവസരം വർഷങ്ങളായി നിലവിലുണ്ട്. ഇത് പൂർണ്ണമായും ഉപഭോക്താവിന്റെ തീരുമാനമാണ്. ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ടെസ്റ്റ് ചെയ്ത സിംഗിൾ ഫേസ് എനർജി മീറ്ററുകൾ 25 ഇലക്ട്രിക്കൽ സർക്കിൾ ഓഫീസുകളോടനുബന്ധിച്ചുള്ള ഔട്ട് ലെറ്റുകൾ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള ഉത്തരവാണ് 17.09.2015-ന് ബോർഡ് പുറപ്പെടുവിച്ചത്. ഇങ്ങനെ മീറ്റർ വാങ്ങി കണക്ഷൻ എടുക്കുന്ന ഉപഭോക്താക്കളിൽ നിന്ന് മീറ്റർ വാടക ഈടാക്കുന്നതല്ല. ബോർഡ് മീറ്റർ വാങ്ങുന്നതിൽ കാലതാമസ മുണ്ടായതു മൂലം ഉപഭോക്താക്കൾ പ്രസ്തുത ഔട്ട് ലെറ്റുകൾ മുഖേന മീറ്റർ വാങ്ങേണ്ട സാഹചര്യം അപേക്ഷ കർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ബോർഡ് 16 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകളും, ത്രീ ഫേസ് മീറ്ററുകളും വാങ്ങുന്നതിനുള്ള നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കേരളത്തിൽ വൈദ്യുതി ബില്ല് കുടിശ്ശിക തീർക്കാത്ത കമ്പനികളുടെ പേര് വിവരവും അടയ്ക്കുവാനുള്ള തുകയും അറിയിക്കുമോ; കുടിശ്ശിക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കേരളത്തിൽ വൈദ്യുതി ബില്ല് കുടിശ്ശിക തീർക്കാത്ത കമ്പനികളുടെ പേര് വിവരവും അടയ്ക്കുവാനുള്ള തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിലേയ്ക്കായി താഴെ പറയുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ബഹുമാനപ്പെട്ട കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ടു കിടക്കുന്ന കുടിശ്ശിക തുക കോടതികളുടെ അന്തിമ തീർപ്പനുസരിച്ച് പിരിച്ചെടുക്കൽ നടപടികളിൽ ഏർപ്പെടുന്നതാണ്.<br>വ്യവഹാരങ്ങൾ ഇല്ലാത്ത കുടിശ്ശിക വൈദ്യുതി വിച്ഛേദിച്ച് കുടിശ്ശിക നോട്ടീസ് നൽകി ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടി മുഖേനയും, ഒറ്റത്തവണ തീർപ്പാക്കൽ പോലുള്ള പദ്ധതികളിലൂടെയും പിരിച്ചെടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ൽ ലഭ്യമാണ്